**പതിനാലാം കേരള നിയമസഭ**
**പതിനേഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **03.03.2020 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 481**

**ഭെൽ ഇ.എം.എൽ. കമ്പനി ഏറ്റെടുക്കുന്ന നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. സി. കമറുദ്ദീൻ** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കാസർകോട് ഭെൽ ഇ.എം.എൽ. കമ്പനി സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടികൾ പൂർത്തിയാക്കി കമ്പനി എപ്പോൾ ഏറ്റെടുക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനവും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd.) എന്ന കമ്പനിയിലെ ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ പ്രസ്തുത ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനായി കരട് വില്പന കരാർ സംസ്ഥാനം അംഗീകരിച്ച് നല്കിയെങ്കിലും കേന്ദ്രസർക്കാരിൽ നിന്ന് അന്തിമ അംഗീകാരം ലഭിക്കാത്തതിനാൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പതിനാല് മാസമായി പ്രസ്തുത കമ്പനിയിലെ ജീവനക്കാരുടെ ശമ്പളം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കേന്ദ്ര , പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ (ഭെൽ) നാണ് ഭൂരിപക്ഷം ഓഹരികളും ഭരണപരമായ നിയന്ത്രണവുമുള്ളത്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും ദയനീയ അവസ്ഥ പരിഗണിച്ച് കമ്പനിയുടെ അപേക്ഷ പ്രകാരം 6.65 കോടി രൂപയുടെ സാമ്പത്തിക സഹായം കേരള സർക്കാർ ഇതിനോടകം നൽകിയിട്ടുണ്ട്. |
| (സി) | കമ്പനി ഏറ്റെടുക്കുമ്പോൾ ജീവനക്കാരുടെ മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള ബാധ്യതകൾ സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോയെന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത സ്ഥാപനത്തിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥാപനം, പൂർണ്ണമായും കേരള സർക്കാരിന്റെ ഉടമസ്ഥതയിലാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**